
ടി.കെ. ഉബൈദ്

# സുന്നത്തിന്റെ ചരിത്രമൂല്യം

**അന്ത്യപ്രവാചകൻ** മുഹമ്മദ് നബി(സ)യുടെ വചനങ്ങളും കർമങ്ങളും ഏതെങ്കിലും വിഷയത്തിൽ അദ്ദേഹം അവലംബിച്ച മൗനംപോലും അതേപടി ഉദ്ധരിക്കപ്പെട്ടതാണ് ഹദീസ്. വാർത്ത/സംസാരം എന്നാണ് ഹദീസിന്റെ ഭാഷാർഥം. സുന്നത്ത്, സീറഃ, ഖബർ എന്നിങ്ങനെയും ഹദീസ് വ്യവഹരിക്കപ്പെടുന്നു. നടപടിക്രമം, ചര്യ, ചരിത്രം എന്നാണ് സുന്നഃയുടെയും സീറഃയുടെയും അർഥം. ഖബർ – വാർത്ത. ഹദീസിന്റെയും പര്യായപദങ്ങളുടെയും അർഥങ്ങൾ ചരിത്രത്തിന്റെ ആശയം ഉൾക്കൊള്ളുന്നതായി കാണാം. വാസ്തവത്തിൽ പ്രവാചക ജീവിതത്തിന്റെ പൊട്ടുകളാണ് ഹദീസുകൾ. പ്രവാചക ശിഷ്യന്മാർ അവരുടെ പിന്മുറക്കാർക്കുവേണ്ടി അമൂല്യ നിധിയായി കാത്തുസൂക്ഷിച്ച പൊട്ടുകൾ. ഒരു ചരിത്രാന്വേഷകന്റെ ദൃഷ്ടിയിൽ അത് ചരിത്രം മിന്നുന്ന സുവർണ ശകലങ്ങൾ തന്നെ. ധർമശാസ്ത്രപഠിതാവിന്റെ കണ്ണിൽ ആധികാരിക ധർമശാസ്ത്ര പ്രമാണങ്ങളാണ്. ദാർശനിക ദൃഷ്ടിയിൽ ജീവിതദർശനങ്ങളുടെ പ്രായോഗിക രൂപങ്ങളും. ഇങ്ങനെ വൈവിധ്യമാർന്ന അനേകം മാനങ്ങളിൽ ഹദീസുകൾ വീക്ഷിക്കപ്പെട്ടിട്ടുണ്ട്. ഹദീസുകളാകുന്ന പൊട്ടുകളും പൊടികളും സമ്പൂർണമായി സമാഹരിച്ച് ഓരോന്നും യഥാസ്ഥാനങ്ങളിൽ വച്ചു വായിക്കുമ്പോൾ ഏറ്റവും സത്യസന്ധമായ പ്രവാചകചരിത്രം ലഭിക്കുന്നു. അതുതന്നെ ഏറ്റവും ആധികാരികമായ ജീവിത ദർശനവും ധർമപ്രമാണ സംഹിതയുമാകുന്നു.




## ഹദീസുകൾ വന്നവഴി

പ്രവാചകശിഷ്യന്മാർ തിരുജീവിതത്തിൽ നേരിട്ടുകണ്ടറിഞ്ഞ കാര്യങ്ങൾ രേഖപ്പെടുത്തിയതാണ് ഹദീസ്. അവരുടെയോ അവരിൽനിന്നുദ്ധരിച്ചവരുടെയോ വകയായി നിരൂപണമോ വ്യാഖ്യാനമോ അതിലുണ്ടാവില്ല. പ്രവാചകനിൽനിന്ന് ഗ്രന്ഥകാരനിലോളം ആർ, ആരിൽനിന്ന്, ആരോടുദ്ധരിച്ചു, അവർ ആരോടുദ്ധരിച്ചു എന്നിങ്ങനെ വിശ്വസ്തരും ആധികാരികരുമായ ആളുകളിലൂടെ കണ്ണിമുറിയാതെ ഉദ്ധരിക്കപ്പെട്ടതേ സാധുവായ ഹദീസായി അംഗീകരിക്കപ്പെടൂ. ഉദ്ധാരകശൃംഖലയിൽ എവിടെയെങ്കിലും കണ്ണിമുറിയുകയോ ഏതെങ്കിലും ഉദ്ധാരകന്റെ വിശ്വാസ്യത സംശയാസ്പദമാവുകയോ ചെയ്താൽ ഒരു ഹദീസ് ദുർബലമായി. 'എ', 'ബി' യോട്, 'ബി', 'സി'യോട്, 'സി', 'ഡി'യോട്, 'ഡി', ഗ്രന്ഥകാരനോട് എന്നിങ്ങനെയാണ് നിവേദക ശൃംഖല. 'ബി' യോടുള്ള 'എ'യുടെ നിവേദനം പ്രാമാണികമാകണമെങ്കിൽ 'എ' യും 'ബി' യും വിശ്വസ്തരും സമകാലികരുമാണെന്നും തമ്മിൽ കണ്ടുമുട്ടിയിട്ടുള്ളവരാണെന്നും ചരിത്രദൃഷ്ട്യാ തെളിയണം. ഈവിധം ഹദീസുകളെ നിരൂപണ വിധേയമാക്കുകയും സംശോധിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്ന ഒരു വിജ്ഞാനശാഖ തന്നെയുണ്ട് – ഉലൂമുൽ ഹദീസ്. അവയിൽ ഹദീസ് വചനങ്ങൾ നിരൂപണ വ്യാഖ്യാനങ്ങളുമായി കലർന്നുപോകാതെ വേറെത്തന്നെ രേഖപ്പെടുത്തിയിരിക്കും.

## ആദ്യകാല നബിചരിത്രം

ഇങ്ങനെ ഉദ്ധരിക്കപ്പെട്ട ഹദീസുകളുടെ സമാഹാരം തന്നെയായിരുന്നു ആദ്യകാലത്ത് നബിചരിത്രം. പക്ഷേ ധർമശാസ്ത്ര നിയമങ്ങളുടെ രൂപത്തിലാണവ സമാഹരിക്കപ്പെട്ടതും ക്രമീകരിക്കപ്പെട്ടതും. പിൽക്കാലത്ത് പ്രവാചക ചരിത്രം വ്യവസ്ഥാപിതമായി രചിക്കപ്പെട്ടു തുടങ്ങിയപ്പോഴും അടിസ്ഥാന പ്രമാണങ്ങളും ആധികാരിക രേഖകളുമായി അവലംബിക്കപ്പെട്ടത് ഹദീസുകൾ തന്നെയായിരുന്നു. ഹദീസുകൾ പഠിക്കുന്നതിലും അതിനെ ഇതര ചരിത്രവിവരങ്ങളുമായി കൂട്ടിയിണക്കുന്നതിലും പ്രവാചകന്റെ വ്യക്തിത്വത്തോടുള്ള സമീപനത്തിലും ചരിത്രകാരന്മാർക്കിടയിലുണ്ടാകാവുന്ന സ്വാഭാവികമായ വൈവിധ്യം അവരുടെ ചരിത്രകൃതികളിൽ പ്രതിഫലി

ക്കുന്നു. നബി(സ)യുടെ ആത്മീയാശയങ്ങൾക്കും ഭക്തിച ര്യക്കും പ്രാമുഖ്യം കൽപിച്ചവർ ആത്മജ്ഞാനത്താലും ഭക്തി ചര്യയാലും വിശുദ്ധനായ പ്രവാചകനെ അവതരിപ്പിച്ചു. അദ്ദേ ഹത്തിന്റെ ലളിത ജീവിതത്തിനും ശാന്തപ്രകൃതിക്കും പ്രാധാന്യം നൽകിയവർ വൈരാഗിയും സമാധാനപ്രേമിയു മായ പ്രവാചകന്റെ ചിത്രം തീർത്തു. മുഹമ്മദീയ ജീവിത ത്തിലെ സംഘർഷങ്ങളിലും സംഘട്ടനങ്ങളിലും മനസ്സുടക്കി യവർ വീരയോദ്ധാവും പടത്തലവനുമായി പ്രവാചകനെ വർണിച്ചു. പ്രവാചകന്റെ നേതൃത്വ ഗുണങ്ങളിലും ഭരണപാട വത്തിലും ആകൃഷ്ടരായവർ സമർഥനായ സംഘാടകനെയും നീതിമാനായ ഭരണാധികാരിയെയും രാജ്യതന്ത്രജ്ഞനെയു മാണ് കണ്ടെത്തിയത്! ഓരോകൂട്ടർക്കും ആവശ്യമായ കരു ക്കൾ ഹദീസുകളിൽനിന്നു ലഭിച്ചിരുന്നു. മുഹമ്മദ് നബി(സ) യുടെ അമാനുഷികതയിലും ദിവ്യാത്ഭുത സിദ്ധികളിലും ഊന്നി പ്രവാചകചരിത്രം രചിച്ചവരുടെയും അവലംബം ഹദീ സുകൾ തന്നെ. നിശിതമായ സംശോധനക്കു വിധേയമാക്കാ തെ, പ്രക്ഷിപ്തവും അടിസ്ഥാനരഹിതവുമായ നിവേദനങ്ങളെ

ചരിത്രവും നബിചരിത്രവും പഠിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ത്. ചരിത്രത്തിന്റെ ധ്വംസനത്തിലൂടെയും അപനിർമാണത്തി ലൂടെയും കാവി വിദ്യാഭ്യാസ നവീകരണം അരങ്ങേറാൻ കൊണ്ടുപിടിച്ച ശ്രമം നടക്കുന്ന ആധുനിക ഭാരതീയ സാഹ ചര്യത്തിൽ, പാശ്ചാത്യ നടപടിയുടെ ആപൽക്കരമായ ലക്ഷ്യ ങ്ങൾ എളുപ്പം മനസ്സിലാക്കാവുന്നതേയുള്ളൂ. അവർ നല്ലൊര ളവോളം ആ ലക്ഷ്യം നേടിക്കഴിഞ്ഞതിന്റെ ഫലം മൊത്തം മുസ്‌ലിംലോകം അനുഭവിച്ചുകൊണ്ടിരിക്കുകയാണിന്ന്. ഇന്ത്യ യിൽ നടക്കുന്ന ചരിത്രധ്വംസനത്തേക്കാൾ പതിന്മടങ്ങ് ഗുരു തരമായ ധ്വംസനമാണ് പണ്ട് യൂറോപ്യർ ഇസ്‌ലാമിക ചരിത്ര ത്തിൽ നടത്തിയിട്ടുള്ളത്. മുസ്‌ലിം സമൂഹം ഈ യാഥാർഥ്യം ഇനിയും വേണ്ടവണ്ണം തിരിച്ചറിഞ്ഞിട്ടില്ല. പ്രവാചകനെ നിന്ദി ക്കുന്ന കഥകളും കാർട്ടൂണുകളും വരുമ്പോൾ നമ്മൾ പ്രകോ പിതരാകുന്നു. അതിന്റെ ഉറവിടമായ ധ്വംസിത ചരിത്രത്തെ അവഗണിക്കുകയും ചെയ്യുന്നു. ഇസ്‌ലാം വാളുകൊണ്ട് പ്രച രിച്ച മതമാണെന്ന് ലോകത്തെ തെറ്റുധരിപ്പിക്കാൻ ചരിത്രധ്വം സനത്തിലൂടെ യൂറോപ്യർക്ക് നിഷ്പ്രയാസം കഴിഞ്ഞു. ഒരു

**പ്രവാചക ജീവിതത്തിന്റെ പൊട്ടുകളാണ് ഹദീസുകൾ. പ്രവാചക ശിഷ്യന്മാർ അവരുടെ പിന്മുറക്കാർക്കു വേണ്ടി അമൂല്യ നിധിയായി കാത്തുസൂക്ഷിച്ച പൊട്ടുകൾ. ഒരു ചരിത്രാന്വേഷകന്റെ ദൃഷ്ടിയിൽ അത് ചരിത്രം മിന്നുന്ന സുവർണ ശകലങ്ങൾ തന്നെ. ധർമശാസ്ത്രപഠിതാവിന്റെ കണ്ണിൽ ആധികാരിക ധർമ ശാസ്ത്ര പ്രമാണങ്ങളാണ്. ദാർശനിക ദൃഷ്ടിയിൽ ജീവിത ദർശനങ്ങളുടെ പ്രായോഗിക രൂപങ്ങളും. ഇങ്ങനെ വൈവിധ്യമാർന്ന അനേകം മാനങ്ങളിൽ ഹദീസുകൾ വീക്ഷിക്കപ്പെട്ടിട്ടുണ്ട്. ഹദീസുകളാകുന്ന പൊട്ടുകളും പൊടികളും സമ്പൂർണമായി സമാഹരിച്ച് ഓരോന്നും യഥാസ്ഥാനങ്ങളിൽ വച്ചു വായിക്കു മ്പോൾ ഏറ്റവും സത്യസന്ധമായ പ്രവാചകചരിത്രം ലഭിക്കുന്നു. അതുതന്നെ ഏറ്റവും ആധികാരികമായ ജീവിത ദർശനവും ധർമപ്രമാണ സംഹിതയുമാകുന്നു.**

ഹദീസുകളായി വിലയിരുത്തി ചരിത്രം നിർമിക്കുകയായിരുന്നു അവർ. അതിമാനുഷനും അത്ഭുതസിദ്ധികളുടെ അക്ഷയഖ നിയുമാണ് അവർ വരച്ചുകാണിക്കുന്ന മുഹമ്മദ് നബി(സ).

### സുന്നത്തിനെ നിരാകരിച്ച നബിചരിത്രങ്ങൾ

പാശ്ചാത്യരാണ് ഖുർആനും സുന്നത്തും മാറ്റിനിർത്തി പ്രവാചക ചരിത്രം രചിക്കാൻ തുടങ്ങിയത്. കുരിശുയുദ്ധങ്ങളെ തുടർന്ന് മുസ്‌ലിംലോകത്തെത്തിയ ഇസ്‌ലാംവിരുദ്ധരായ ഓറി യന്റലിസ്റ്റുകളായിരുന്നു അതിന്റെ ഉപജ്ഞാതാക്കൾ. പൗരസ്ത്യലോകത്ത് നടത്തിയ ഗവേഷണങ്ങളിലൂടെ കണ്ടെ ത്തിയ വസ്തുതകളെന്ന നാട്യത്തിൽ സ്വീകരിച്ച മുൻധാരണ കളും വിദ്വേഷാധിഷ്ഠിത നിഗമനങ്ങളുമാണ് അവരുടെ ചരി ത്രത്തിന്റെ ആധാരം. ഇക്കൂട്ടരുടെ ഗ്രന്ഥങ്ങളിൽ പ്രത്യക്ഷപ്പെ ടുന്ന മുഹമ്മദ് നബി(സ) -നഊദുബില്ലാഹ്- പ്രവാചകനായി ചമഞ്ഞ് ജനങ്ങളെ വശീകരിച്ച് ഒരു ഹിംസാത്മക മതവും അതിന്റെ തണലിൽ വിശാലമായ സാമ്രാജ്യവും സ്ഥാപിച്ച കുടിലനായതിൽ അത്ഭുതമില്ല. ചിലരദ്ദേഹത്തെ തികഞ്ഞ അധാർമികനും സദാചാരവിരുദ്ധനും മനോരോഗിയുമായി പ്പോലും ചിത്രീകരിക്കുന്നുണ്ട്. ഇത്തരം ഓറിയന്റലിസ്റ്റ് ഗ്രന്ഥ ങ്ങളിലൂടെയും അവയെ ഉപജീവിച്ചെഴുതപ്പെട്ട ഇതര 'ചരിത്ര'കൃതികളിലൂടെയുമാണ് പാശ്ചാത്യനാടുകളിലെയും അവയുടെ കോളനികളിലെയും കലാലയങ്ങളിൽ ഇസ്‌ലാമിക

കൈയിൽ നീട്ടിപ്പിടിച്ച ഖുർആനും മറുകൈയിൽ ഓങ്ങിപ്പി ടിച്ച വാളുമായി രണ്ടിലൊന്നു തെരഞ്ഞെടുക്കാൻ ലോക ത്തോടു കൽപിക്കുന്ന മുഹമ്മദിന്റെ ചിത്രം ഇസ്‌ലാമിന്റെ പ്രതീകമായതങ്ങനെയാണ്. ഇത്തരം ചരിത്ര കൃതികളിൽനിന്ന് ഊർജമുൾക്കൊണ്ടാണ്ചില മലയാള സാഹിത്യകാരന്മാർ പോലും മുഹമ്മദ് നബി(സ)ക്ക് അധാർമികൻ, സദാചാരലം ഘകൻ, ചോരക്കൊതിയൻ തുടങ്ങിയ പട്ടങ്ങൾ ഉദാരമായി ചാർത്തിക്കൊടുക്കുന്നത്.

### പ്രവാചകനും അത്ഭുത സിദ്ധികളും

മുഹമ്മദ് നബി(സ) അല്ലാഹു പ്രത്യേകം തെരഞ്ഞെടു ത്തുനിയോഗിച്ച ദൂതനായിരുന്നു. തീർച്ചയായും അമാനുഷി കമായ ചില അനുഗ്രഹങ്ങൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. വഹ്‌യ് മുഖേനയുള്ള ജ്ഞാനമായിരുന്നു അതിൽ ഏറ്റവും പ്രധാനം. അതുവഴിയാണദ്ദേഹം പ്രവാചകനായത്. പ്രവാച കത്വം തന്നെയാണ് മുഹമ്മദ് നബി(സ)യുടെ ഏറ്റവുംവലിയ അമാനുഷിക സിദ്ധി. ചില സന്ദർഭങ്ങളിൽ അല്ലാഹു അദ്ദേ ഹത്തെ അമാനുഷിക രീതിയിൽ സഹായിച്ചിട്ടുമുണ്ട്. ബദ്ർ സംഭവം ഉദാഹരണമാണ്. ഇത്തരം സിദ്ധികളൊന്നും പ്രവാ ചകന്റെ ഇഛയിലും സ്വാതന്ത്ര്യത്തിലും പെട്ടതല്ല എന്നതാണ് വസ്തുത. അല്ലാഹു ഇഛിക്കുന്നവരെ അവനിഛിക്കുന്ന വിധ ത്തിൽ അനുഗ്രഹിക്കുന്നു. ഇതല്ലാതെ, തോന്നുമ്പോഴൊക്കെ

അല്ലെങ്കിൽ ആളുകൾ ആവശ്യപ്പെടുമ്പോഴൊക്കെ ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്താൻ പ്രവാചകന് കഴിയുമായിരുന്നില്ല. മുഹമ്മദ് നബി(സ)യുടെ മാത്രമല്ല, എല്ലാ പ്രവാചകവര്യന്മാരുടെയും അവസ്ഥ ഇതുതന്നെയായിരുന്നു. അത്ഭുത സിദ്ധികൾ പ്രവാചകവ്യക്തിത്വത്തിന്റെ ഭാഗമായിരുന്നില്ല. അതിന്റെ നിയന്ത്രണം അല്ലാഹുവിന്റെ ഹസ്തങ്ങളിലാണ്. അവൻ നിശ്ചയിക്കുമ്പോൾ മാത്രം അതു പ്രത്യക്ഷപ്പെടുന്നു. പ്രവാചകൻ, പ്രവാചകനാകുന്നത് അമാനുഷികമായ വെളിപാടുകളിലൂടെയാണെന്ന് പറഞ്ഞുവല്ലോ. വെളിപാടുകൾ പോലും പ്രവാചകൻ ആഗ്രഹിക്കുമ്പോഴും ആവശ്യപ്പെടുമ്പോഴുമൊക്കെ നിർബാധം ലഭിക്കുന്നതായിരുന്നില്ല. തന്റെ വെളിപാടുകൾ നിലച്ചുപോയി എന്ന് ഉൽക്കണ്ഠാകുലനായ ചില സന്ദർഭങ്ങൾ മുഹമ്മദീയ ജീവിതത്തിൽ തന്നെ ഉണ്ടായിട്ടുണ്ട്. അത്തരം ഒരു സന്ദർഭത്തെ സൂചിപ്പിച്ചുകൊണ്ടാണ് അല്ലാഹു അദ്ദേഹത്തെ ഇങ്ങനെ സമാശ്വസിപ്പിച്ചത്: "നിന്റെ നാഥൻ നിന്നെ വെടിഞ്ഞിട്ടില്ല, വെറുത്തിട്ടുമില്ല. തീർച്ചയായും നിന്റെ ഭൂതത്തേക്കാൾ വിശിഷ്ടമായിരിക്കും ഭാവി (*ഖുർആൻ* 93: 3,4). വിശുദ്ധ ഖുർആനാണ് മുഹമ്മദ് നബി(സ)ക്ക് അവതരിപ്പിച്ച നിലനിൽക്കുന്ന ദിവ്യാത്ഭുതപ്രതിഭാസം. അതിന്റെ രചനയിലും നബി(സ)ക്കു പങ്കില്ല. അതു മുഴുവൻ ദൈവദത്തമാണ്. പൂർണമായും അല്ലാഹുവിങ്കൽ നിന്നവതീർണമായത് എന്ന് സ്വയം ആവർത്തിച്ചവകാശപ്പെടുന്ന ഒരേയൊരു വേദ ഗ്രന്ഥമാണ് ഖുർആൻ. അവതരിപ്പിച്ചതു മാത്രമല്ല; അതു വള്ളിപുള്ളി വ്യത്യാസമില്ലാതെ സമാഹരിച്ചു സംരക്ഷിക്കുന്നതും അല്ലാഹുവാണ്. "നമ്മുടെ വചനങ്ങളുടെ സമാഹരണവും പാരായണ സുരക്ഷിതത്വവും നാം തന്നെ ഏറ്റെടുത്തിരിക്കുന്നു." (75:18)

മജീഷ്യനെപ്പോലെ അത്ഭുതങ്ങൾ കാണിച്ച് ആളെ കൂട്ടുകയായിരുന്നില്ല മുഹമ്മദ്(സ). തുടക്കം മുതലേ തിരുമേനിയുടെ പ്രവാചകത്വത്തിന്റെ മുഖ്യതെളിവ് ആ വ്യക്തിത്വത്തിന്റെ അനിതര സാധാരണമായ വിശുദ്ധിയും വിവേകവുമായിരുന്നു. പ്രവാചകന്റെ വിജയരഹസ്യമായി ഖുർആൻ ചൂണ്ടിക്കാണിക്കുന്നത് അദ്ദേഹത്തിന്റെ ദിവ്യാത്ഭുത സിദ്ധികളല്ല; വ്യക്തിത്വ മഹിമയാണ്: "തീർച്ചയായും നീ മഹത്തായ സ്വഭാവത്തിനുടമയാണ്" (68:4). അലിവിലൂടെയും കനിവിലൂടെയുമാണ് പ്രവാചകൻ ജനങ്ങളെ ആകർഷിച്ചത്. "ദൈവാനുഗ്രഹത്താലാണ് നീ ജനങ്ങളോട് അലിവുള്ളവനായത്. നീ മുരടനും പരുഷ ഹൃദയനുമായിരുന്നുവെങ്കിൽ അവർ നിന്റെ ചുറ്റുനിന്ന് പിരിഞ്ഞുപോയതുതന്നെ" (3:159). ഈ പ്രവാചകനിലാണ് വിശ്വാസികൾക്ക് വിശിഷ്ടമാതൃകയുള്ളത്. ആ മാതൃകകളാണ് ഹദീസുകൾ. അതാണ് ഹദീസിന്റെ മൂല്യം.

പ്രവാചകന്റെ ദിവ്യാത്ഭുതങ്ങൾ സംബന്ധിച്ച ഹദീസുകൾ നിരവധിയാണ്. അത്തരം ഹദീസുകളുടെ സമുച്ചയത്തിൽ തെളിയുന്ന പ്രവാചകൻ മനുഷ്യനല്ലാത്ത മറ്റെന്തൊക്കെയോ ആണ്. അത് അദ്ദേഹത്തെ ഒരു ഉപദൈവമായി കാണാൻ വരെ ചിലരെ പ്രേരിപ്പിക്കുന്നു. അവരദ്ദേഹത്തിനു വഴിപാടുകൾ നേരുകയും പ്രാർഥിക്കുകയും ചെയ്യുന്നു. പ്രവാചകൻ മനുഷ്യനായിരുന്നുവെന്ന് പറയുന്നത് അദ്ദേഹത്തെ അനാദരിക്കലും അവമതിക്കലുമായി കാണുന്ന ധാരാളം മുസ്‌ലിംകളുണ്ട്. മുഅ്ജിസത്തുകളുമായി ബന്ധപ്പെട്ട ഹദീസുകളുടെ പ്രചാരത്തിന് ഈ ദുരവസ്ഥ സൃഷ്ടിക്കുന്നതിൽ വലുതായ പങ്കുണ്ട്. മുസ്‌ലിം വീടുകളിൽ ധാരാളമായി പാരായണം ചെയ്യപ്പെടുന്ന 'മൻഖൂസ്' പോലുള്ള മൗലിദു ഗീതങ്ങളുടെ മുഖ്യ ഉള്ളടക്കം ഇത്തരം നിവേദനങ്ങളുമാണ്. വിരലുകൾക്കിടയിൽനിന്ന് ജലം പ്രവഹിച്ചവൻ, കൈയിലിരുന്ന കല്ല് തസ്ബീഹ് ചൊല്ലിയവൻ എന്നൊക്കെയാണ് വെള്ളിയാഴ്ച ഖുത്ബകളിൽ സാധാരണ അനുസ്മരിക്കാറുള്ള പ്രവാചക മഹത്വങ്ങൾ. ഈ വക ഹദീസുകളുടെ സാധുതയും യാഥാർഥ്യവും മാത്രമല്ല പ്രശ്നം. സാധുവായ നിവേദനങ്ങളാണെങ്കിൽതന്നെ ഇതൊക്കെയാണോ വിശ്വാസികളെ സ്ഥിരമായി അനുസ്മരിപ്പിച്ചുകൊണ്ടിരിക്കേണ്ട പ്രവാചകചര്യകൾ എന്നതും ചിന്തിക്കേണ്ട വിഷയമാണ്. ഖുർആൻ ഒഴിച്ചുള്ള മുഅ്ജിസത്തുകൾക്ക് പിൽക്കാല ജനങ്ങളെ സംബന്ധിച്ചിടത്തോളം ചരിത്രസംഭവങ്ങൾ എന്നതിൽകവിഞ്ഞ പ്രസക്തിയില്ല. അവയൊന്നും ഇന്നു നിലനിൽക്കുന്നില്ല. വിശ്വാസികൾക്ക് അവയിലൊന്നും മാതൃകയുമില്ല. മനുഷ്യൻ എന്ന നിലക്കുള്ള പ്രവാചകജീവിതമാണ് വിശ്വാസികൾക്ക് പ്രസക്തം. അതാണ് അനുകരണീയവും മാതൃകാപരവുമായിട്ടുള്ളത്. മുഅ്ജിസത്തുകളിലൂന്നിയ പ്രവാചക ചരിത്രങ്ങൾ പ്രവാചകനെ അമാനുഷികവൽക്കരിക്കുകയും ആ ജീവിതത്തെ അനുകരണക്ഷമമല്ലാതാക്കുകയുമാണ് ചെയ്യുന്നത്.

## പ്രവാചകന്റെ ആളത്വം

വെളിപാട് ലഭിക്കുന്നു എന്നതൊഴിച്ചുനിർത്തിയാൽ മറ്റുള്ളവരെപ്പോലെ ആഹാരം കഴിക്കുകയും അങ്ങാടിയിൽ പോവുകയും കുടുംബത്തെയും കുട്ടികളെയും പോറ്റുകയും ചെയ്യുന്നവരായിരുന്നു പ്രവാചകന്മാരും. പ്രവാചകന്മാർ പ്രബോധനം ചെയ്ത സന്ദേശങ്ങൾ സത്യമാണെന്നതിന് ദൃഷ്ടാന്തങ്ങളാവശ്യപ്പെട്ടവരോട് അവർ പറഞ്ഞത് ചുറ്റുമുള്ള പ്രപഞ്ചത്തിലേക്ക് നോക്കാനാണ്. പ്രപഞ്ചത്തിലെ ഓരോ വസ്തുവും ഒരു സൃഷ്ടാവിന്റെ സാന്നിധ്യത്തെയും അവന്റെ വ്യവസ്ഥകളോടുള്ള പ്രതിബദ്ധതയെയും വിളിച്ചോതുന്നതു കാണാം. ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്താൻ ആവശ്യപ്പെട്ടവർക്ക് ഇങ്ങനെ മറുപടി നൽകാനാണ് അല്ലാഹു പ്രവാചകന്മാരോട് കൽപിച്ചിട്ടുള്ളത്: "ഞാൻ നിങ്ങളെപ്പോലൊരു മനുഷ്യൻ മാത്രം; വെളിപാട് ലഭിക്കുന്നുവെന്നതു മാത്രമാണെന്റെ പ്രത്യേകത." (14:11, 41:6)

എന്തുകൊണ്ട് മാലാഖമാരെയോ മറ്റ് അമാനുഷിക ശക്തികളെയോ അല്ലാതെ മനുഷ്യരെത്തന്നെ ദൈവം പ്രവാചകന്മാരായി നിയോഗിക്കുന്നു എന്ന ചോദ്യത്തിന് ഖുർആൻ ഇങ്ങനെ മറുപടി നൽകുന്നുണ്ട്: "ശാന്തരായി ചരിക്കുന്ന മാലാഖമാരാണ് ഭൂമിയിൽ വാഴുന്നതെങ്കിൽ മാലാഖമാരെ തന്നെയായിരുന്നു നാം പ്രവാചകനായി നിയോഗിക്കുക (17:95). പക്ഷേ, ഭൂമിയിൽ വാഴുന്നത് മനുഷ്യരാണ്. അവർക്ക് ഉത്തമ ജീവിതത്തിന്റെ മാതൃകയാകേണ്ടത് അവരെപ്പോലുള്ള മനുഷ്യൻ തന്നെയാണ്; അവർക്ക് അപ്രാപ്യവും അനനുകരണീയവുമായ അമാനുഷ ശക്തികളല്ല.

ദൈവിക സന്ദേശം ജനങ്ങൾക്ക് വിതരണം ചെയ്യുന്ന ഒരു ശിപായി മാത്രമല്ല പ്രവാചകൻ. ആയിരുന്നുവെങ്കിൽ അതു മാലാഖമാർക്കും കഴിയുമായിരുന്നു. പ്രവാചകൻ പക്ഷേ, ദൈവിക സന്ദേശത്തിന്റെ അധ്യാപകനും പ്രയോക്താവും കൂടിയാണ്. ജനങ്ങൾക്ക് അവന്റെ സൂക്തങ്ങൾ ഓതിക്കൊടുക്കുകയും അവരെ സംസ്കരിക്കുകയും വേദവും ജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്ന ദൈവദൂതനെയാണ് അല്ലാഹു നിയോഗിച്ചത് (62:2), അല്ലാഹു വേദത്തോടൊപ്പം അതു വിശദീകരിച്ചുകൊടുക്കാനുള്ള കൽപനയും പ്രവാചകനു നൽകിയിട്ടുണ്ട് (16:44, 16:64). ഈ സംസ്കരണവും വേദവ്യാഖ്യാനവുമാണ് പ്രവാചക ജീവിതം. അതുകൊണ്ടാണ് 'പ്രവാചകന്റെ ജീവിതം ഖുർആൻ ആയിരുന്നു' എന്ന് പത്നി ആഇശ(റ) പ്രസ്താവിച്ചത്.

മനുഷ്യനെന്ന നിലയിൽ മനുഷ്യസഹജമായ എല്ലാ ആവശ്യങ്ങളും വാസനകളും വികാരങ്ങളും അദ്ദേഹത്തിനുണ്ടായിരുന്നു. വർത്തകൻ, ഭർത്താവ്, പിതാവ്, അനാഥൻ, അഗതി, ദരിദ്രൻ, ബഹിഷ്കൃതൻ, പ്രവാസി, പീഡിതൻ, മർദിതൻ, പടയിൽ തോറ്റ യോദ്ധാവ്, ജനക്കൂട്ടത്താൽ ഭർസിക്കപ്പെട്ടവൻ, നാട്ടുകാരുടെ കണ്ണിലുണ്ണി, അടിമകളുടെ വിമോചകൻ, പടജയിച്ച വീരനായകൻ, ജനനേതാവ്, ഭരണകർത്താവ്, തൊഴിലാളി, മുതലാളി, ഭക്തിവശൻ, ദൈവാരാധകൻ, കായികവിനോദ

തൽപരൻ, കലാസാഹിത്യ രസികൻ എന്നിങ്ങനെ എല്ലാ മനുഷ്യാവസ്ഥകളിലൂടെയും സുഖദുഃഖങ്ങളിലൂടെയും കടന്നുപോന്നിട്ടുള്ളതാണ് പ്രവാചക ജീവിതം. ഈ അവസ്ഥകളെയെല്ലാം ആദർശപരമായും ധാർമികമായും എങ്ങനെ സമീപിക്കണമെന്ന് ജീവിതത്തിലൂടെ പഠിപ്പിക്കുകയായിരുന്നു അദ്ദേഹം. ആധുനിക ദർശനങ്ങൾ പറയുന്ന സ്ഥിതിസമത്വത്തിന്റെയും ജനാധിപത്യത്തിന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയുമെല്ലാം നല്ല വശങ്ങളുടെ അക്കാലത്തേക്കുചിതമായ പ്രായോഗിക രൂപങ്ങൾ ആ ജീവിതത്തിൽ കാണാം. പ്രവാചകൻ തന്റെ തത്വശാസ്ത്രം കൂറ്റൻ പുസ്തകങ്ങളിൽ ക്രോഡീകരിക്കുകയായിരുന്നില്ല; തത്വങ്ങളിൽ ജീവിക്കുകയായിരുന്നു. സ്വന്തം ആദർശപ്രമാണങ്ങളുടെ പ്രയോഗവൽക്കരണത്തിന്റെ ചരിത്രമാണ് പ്രവാചക ജീവചരിത്രം. പ്രവാചകന്റെ ജീവിതം തന്നെയായിരുന്നു അദ്ദേഹത്തിന്റെ സന്ദേശം.

ബഹുമുഖമായ പ്രവാചകജീവിതത്തിന്റെ ഏതെങ്കിലും വശത്തുമാത്രം കണ്ണുനട്ടാൽ ആ ജീവിതത്തിന്റെ സമഗ്രതയും പൂർണസാഫല്യവും കണ്ടെത്താനാവില്ല. പ്രവാചകജീവിതത്തിന്റെ എല്ലാ മുക്കുമൂലകളിലേക്കും വെളിച്ചം വീശുന്നവയാണ് ആയിരക്കണക്കിലാളുകൾ ഉദ്ധരിച്ച വചനങ്ങളുടെ സമാഹാരമായ സുന്നത്ത്. അതാണ് ഏറ്റവും സമഗ്രവും ആധികാരികവുമായ നബിചരിത്രം, സുന്നത്തിനെ തള്ളിക്കളഞ്ഞ ഇസ്‌ലാംവിരുദ്ധർ ദുഷ്ടനായ മുഹമ്മദിനെയും, പ്രക്ഷിപ്തവും അപ്രമാണികവുമായ ഹദീസുകളെ അവലംബിക്കുന്ന പ്രവാചകാരാധകന്മാർ അതിമാനുഷനും ദൈവതുല്യനുമായ മുഹമ്മദുനബിയെയും അവതരിപ്പിക്കുമ്പോൾ, പ്രബലവും പ്രാമാണികവുമായ ഹദീസുകൾ സാധാരണക്കാരന് പ്രാപ്യനും അനുകരണീയനും അനുകരിക്കപ്പെടേണ്ടവനുമായ പൂർണ മനുഷ്യനായ പ്രവാചകനെയാണ് അവതരിപ്പിക്കുന്നത്.

ചരിത്രരേഖ എന്ന നിലയിൽ ഹദീസ്ഗ്രന്ഥങ്ങൾക്ക് വലിയൊരു പരിമിതിയുണ്ട്. ചരിത്ര സന്ദർഭങ്ങളിൽനിന്നടർത്തിയെടുത്ത് കാലക്രമവും സംഭവക്രമവും ദീക്ഷിക്കാതെ സമാഹരിച്ച വചനങ്ങളാണവ. ചരിത്രത്തിന്റെ ചിതറിയ പൊട്ടുകൾ. ഈ പൊട്ടുകളെ അവയുടെ യഥാസ്ഥാനങ്ങളിൽ വെച്ചു കൂട്ടിയിണക്കി വീക്ഷിച്ചാൽ അവയുടെ പ്രാധാന്യവും മൊത്തം ഘടനക്ക് അത് നൽകുന്ന ചാരുതയും വ്യക്തമാകും. പക്ഷേ മുഹദ്ദിസുകൾ ചരിത്രമൂല്യത്തിന് അർഹിക്കുന്ന പരിഗണന നൽകിയതായിതോന്നുന്നില്ല. ചരിത്രപരമായി പ്രവാചകകാലഘട്ടത്തിലെ ജീവിതപരിസരവും ഹദീസ്സമാഹരണ കാലത്തെ ജീവിത പശ്ചാത്തലവും തമ്മിൽ വലിയ മാറ്റങ്ങളുണ്ടാവാതിരുന്നതാവാം ഒരുപക്ഷേ അതിന്റെ കാരണം. ഫിഖ്ഹീ നിയമങ്ങളുടെ നിദാനം എന്ന നിലയിൽ ധർമശാസ്ത്രമൂല്യത്തിന് മുഖ്യപരിഗണന നൽകിക്കൊണ്ടാണ് അവർ ഹദീസുകൾ സമാഹരിച്ചതും നിവേദനം ചെയ്തതും.

ഇതിനർഥം ചരിത്രരചനയിൽ ഹദീസുകൾ പരിഗണിക്കപ്പെട്ടിട്ടില്ല എന്നല്ല. ഇബ്നു ഹിശാം, ഇബ്നു ഇസ്ഹാഖ് തുടങ്ങിയ ആദ്യകാല ചരിത്രകാരന്മാരെല്ലാം നിവേദനങ്ങളെ ആധാരമാക്കിത്തന്നെയാണ് ചരിത്രരചന നടത്തിയിട്ടുള്ളത്. പക്ഷേ, ധർമശാസ്ത്ര സംബന്ധിയായ ഹദീസുകൾപോലെ ആ നിവേദനങ്ങളുടെ ആധികാരികതയും പ്രാമാണികതയും ഉറപ്പുവരുത്തപ്പെട്ടിട്ടില്ല. അവരുടെ ഗ്രന്ഥങ്ങളെ ഹദീസ് ഗ്രന്ഥങ്ങളായി കണക്കാക്കുകയോ അവയിലെ നിവേദനങ്ങളെ ശരീഅത്തിന്റെ പ്രമാണങ്ങളായി അംഗീകരിക്കുകയോ ചെയ്യുന്നില്ല.

എന്നാൽ ധർമശാസ്ത്ര മണ്ഡലത്തിലും ഹദീസുകളുടെ ചരിത്രമുഖത്തിന് വലുതായ പ്രസക്തിയുണ്ട് എന്നതാണ് വാസ്തവം. ഒരേ വിഷയത്തിലുള്ള വൈവിധ്യമാർന്ന ഹദീസുകളെ സംയോജിപ്പിക്കുന്നതിലും 'നാസിഖും' 'മൻസൂഖും' നിശ്ചയിക്കുന്നതിലും ചരിത്രത്തെ അവലംബിച്ചുകൊണ്ട് പൂർവിക മുജ്തഹിദുകൾ അത് ഭംഗ്യന്തരേണ അംഗീകരിച്ചിട്ടുമുണ്ട്. ഇന്നാകട്ടെ, പ്രവാചക കാലഘട്ടത്തിൽനിന്നും തികച്ചും വ്യത്യസ്തമായ ചരിത്രപശ്ചാത്തലത്തിലാണ് ആധുനിക മനുഷ്യൻ ജീവിക്കുന്നത്. പല ഹദീസുകൾക്കും അന്നുണ്ടായിരുന്ന അർഥമാവണമെന്നില്ല ഇന്നുള്ളത്. പ്രവാചകചര്യയുടെ രൂപത്തെയാണോ യാഥാർഥ്യത്തെയാണോ അനുകരിക്കേണ്ടത് എന്നൊരു ചോദ്യവുമുണ്ട്. രൂപത്തെ എന്നാണുത്തരമെങ്കിൽ നിലവിലുള്ള ഹദീസുകളെ അക്ഷരാർഥത്തിൽ വായിച്ചാൽ മതിയാകും. അതല്ല, രണ്ടും അനുകരിക്കപ്പെടണമെന്നോ, രൂപത്തെയല്ല യാഥാർഥ്യത്തെയാണ് അനുകരിക്കേണ്ടത് എന്നോ ആണുത്തരമെങ്കിൽ നബിചര്യയുടെ യാഥാർഥ്യം കണ്ടെത്താൻ ഹദീസുകളെ അവയുടെ ചരിത്ര പശ്ചാത്തലത്തിൽവെച്ചു വായിക്കേണ്ടതുണ്ട്. അപ്പോഴേ അവയുടെ നൈതികവും നൈയാമികവുമായ താൽപര്യങ്ങൾ പൂർണമായി വ്യക്തമാകൂ. അത്തരത്തിലുള്ള വായന നിലവിലുള്ള ഹദീസ് ഗ്രന്ഥങ്ങളിൽ വളരെ പ്രയാസകരമാകുന്നു. ഹദീസുകളെ ചരിത്രപരമായി ക്രമീകരിച്ചാലേ അത് സാധ്യമാകൂ. ശ്രമകരമായ ഗവേഷണം ആവശ്യപ്പെടുന്ന ഗൗരവമേറിയ സംരംഭമാണത്. ■

**ഇന്ത്യയിൽ നടക്കുന്ന ചരിത്രധ്വംസനത്തേക്കാൾ പതിന്മടങ്ങ് ഗുരുതരമായ ധ്വംസനമാണ് പണ്ട് യൂറോപ്യർ ഇസ്‌ലാമിക ചരിത്രത്തിൽ നടത്തിയിട്ടുള്ളത്. മുസ്‌ലിം സമൂഹം ഈ യാഥാർഥ്യം ഇനിയും വേണ്ടവണ്ണം തിരിച്ചറിഞ്ഞിട്ടില്ല. പ്രവാചകനെ നിന്ദിക്കുന്ന കഥകളും കാർട്ടൂണുകളും വരുമ്പോൾ നമ്മൾ പ്രകോപിതരാകുന്നു. അതിന്റെ ഉറവിടമായ ധ്വംസിത ചരിത്രത്തെ അവഗണിക്കുകയും ചെയ്യുന്നു. ഇസ്‌ലാം വാളുകൊണ്ട് പ്രചരിച്ച മതമാണെന്ന് ലോകത്തെ തെറ്റുധരിപ്പിക്കാൻ ചരിത്രധ്വംസനത്തിലൂടെ യൂറോപ്യർക്ക് നിഷ്പ്രയാസം കഴിഞ്ഞു. ഒരു കൈയിൽ നീട്ടിപ്പിടിച്ച ഖുർആനും മറുകൈയിൽ ഓങ്ങിപ്പിടിച്ച വാളുമായി രണ്ടിലൊന്നു തെരഞ്ഞെടുക്കാൻ ലോകത്തോടു കൽപിക്കുന്ന മുഹമ്മദിന്റെ ചിത്രം ഇസ്‌ലാമിന്റെ പ്രതീകമായതങ്ങനെയാണ്.**